# പാഠം 3
# ദൈവത്തിൽ നിന്ന് അകലലുന്ന
# മനുഷ്യൻ

## ക. കുട്ടികൾ സ്വന്തമാക്കേണ്ടവ

### മ) ബോധ്യങ്ങൾ

ദൈവം ആദത്തെയും ഹവ്വയെയും വളരെയധികം സ്നേഹിച്ചു.സാത്താന്റെ പ്രേരണയാൽ അവർ ദൈവകല്പന ലംഘിച്ചു. പാപം ചെയ്ത് അവർ ദൈവത്തിൽനിന്നകന്നു.

### യ) മനോഭാവങ്ങൾ

നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ കല്പനകൾ നാം അനുസരിക്കണം.കല്പനകൾ ലംഘിക്കുവാനുള്ള പ്രേരണകളെ അതിലംഘിക്കണം.മാതാപിതാക്കളെയും അധ്യാപകരെയും മറ്റ് മുതിർന്നവരെയും അനുസരിക്കണം.

### ര) ശീലങ്ങൾ

വീട്ടിൽ മാതാപിതാക്കളെയും, മുതിർന്നവരേയും അനുസരിക്കുക.സ്കൂളിൽ ദൈവാലയത്തിൽ, മതബോധനക്ലാസിൽ നിയമങ്ങൾ അനുസരിക്കുക.തെറ്റുകൾ ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുക.

## കക. ബോധനോപാധികൾ

വി.ഗ്രന്ഥം, ചാർട്ടുകൾ - ചിത്രങ്ങൾ ഒട്ടിച്ചു◌ാക്കിയത്.

## കകക. പാഠാവതരണം

കുട്ടികൾ ചെറിയ ചെറിയ തെറ്റുകൾ ചെയ്തിട്ടു◌ാകും.
- അനുസരണക്കേട്.
- നുണ പറഞ്ഞത്.
- വഴക്കു◌ാക്കിയത്.
- മോഷ്ടിച്ചത്.

ഈ അനുഭവങ്ങളുടെ ഒരു ചർച്ചയാകാം. തെറ്റുകൾ ചെയ്തപ്പോൾ കുട്ടികൾക്കു◌ായ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ അനുവദിക്കുക. ഭയം, നാണക്കേട്, ശിക്ഷ.
തുടർന്ന് ആദത്തിന്റേയും ഹവ്വയുടേയും അനുസരണക്കേടിന്റെ കഥയിലേയ്ക്ക് വരാം. പുസ്തകത്തിലെ ചിത്രങ്ങളും ടീച്ചറിന്റെ ശേഖരത്തിലെ മറ്റു ചിത്രങ്ങളും കഥാവതരണത്തിൽ ഉപയോഗിക്കാം.

## കഢ. പാഠ സ്ഥഢിത പ്രവർത്തനനങ്ങൾ

**ഗാനം, പ്രാർത്ഥന**

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**വിവിധ നിറങ്ങളിൽ ആവർത്തിച്ചെഴുതുക**

കുട്ടികൾക്കിഷ്ടപ്പെട്ട നിറങ്ങൾ ഉപയോഗിച്ചെഴുതുക.

**എടുത്തെഴുതി പൂർത്തിയാക്കുക**

വാക്കുകൾ തിരഞ്ഞെടുക്കുവാൻ കുട്ടികളെ സഹായിക്കാം. വിവിധ നിറങ്ങൾ ഉപയോഗിക്കാം.

## തീരുമാനം

(മുൻപാഠത്തിലെ നിർദ്ദേശം ശ്രദ്ധിക്കുക).

**ഉത്തരം കണ്ടെത്താ ം**

1. ശരിയുത്തരത്തിനു നേരെ ചെയ്യുക.
ഉത്തരങ്ങൾ കുട്ടികളെ വായിച്ചു കേൾപ്പിക്കണം.
2. പാപത്തിന്റെ ഫലമായി നാം ദൈവത്തിൽ നിന്നകലുന്നു.

## ഢ. അനു സ്ഥഢിത പ്രവർത്തനനങ്ങൾ

**റോൾപ്ലേ**

കുട്ടികളെ ഗ്രൂപ്പുകളാക്കുക. ആദവും ഹവ്വയും പഴം തിന്നുന്ന രംഗം അവതരിപ്പിക്കുക. ടീച്ചർ ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകണം. കഥാപാത്രങ്ങൾക്ക് പുറമെ കുട്ടികൾ തന്നെ ചെടികളും മരങ്ങളുമൊക്കെയായി രംഗത്ത് വരട്ടെ. അവതരണം അടുത്ത ക്ലാസ്സിൽ ആകാം.

**പൂരിപ്പിക്കാം**

1. ദൈവം കല്പിച്ചിരുന്ന വൃക്ഷത്തിന്റെ പഴം തിന്നാൽ .......................................... ദൈവം പറഞ്ഞു.
2. ആ പഴം തിന്നാൽ .................................... ആകുമെന്ന് സാത്താൻ പറഞ്ഞു.
3. ............................... കാണിച്ചതുകൊ് ദൈവത്തിന്റ മുൻപിൽ വരുവാൻ അവർക്ക് പേടി തോന്നി.

## ഉത്തരം കണ്ടെത്താം

1. ഏദൻതോട്ടത്തിന്റെ പ്രത്യേകത എന്ത്?
2. ഏത് വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നാണ് ദൈവം കല്പിച്ചത്?
3. ആദവും ഹവ്വയും ദൈവത്തോടൊപ്പം സന്തോഷത്തോടെ ഏദൻതോട്ടത്തിൽ കഴിയുന്നതു കപ്പോൾ സാത്താന് എന്തുതോന്നി?
4. സാത്താൻ ആരാണ്?
5. അവൻ ആരുടെ രൂപത്തിലാണ് ഹവ്വയുടെ അടുത്തു വന്നത്?
6. പഴങ്ങൾ തിന്നാൽ എന്തായിത്തീരാമെന്നാണ് പാമ്പ് ഹവ്വായോട് പറഞ്ഞത്?
7. ആദവും ഹവ്വയും ദൈവകല്പന ലംഘിച്ചതെങ്ങനെ?
8. ആദവും ഹവ്വയും ദൈവത്തിന്റെ മുൻപിൽ വരുവാൻ പേടിച്ചതെന്തുകൊ്?